**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3950** **17-03-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ ആരോഗ്യ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആദിവാസി മേഖലകളിലെ പ്രത്യേക ആരോഗ്യപ്രശ്നങ്ങൾ പരിഗണിച്ച് ആരോഗ്യപ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | • കേരളത്തിന്റെ ജനസംഖ്യയുടെ 1.5% വരുന്ന പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുവാൻ വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനം നടത്തി വരുന്നുണ്ട്. ഈ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും മാനവശേഷി വികസനത്തിനും ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ ആദിവാസി മേഖലയിൽ നടന്നിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമം, സാമൂഹ്യനീതി, മാതൃ-ശിശു സംരക്ഷണം, പട്ടികജാതി വികസനം, വിദ്യാഭ്യാസം തുടങ്ങി വിവിധ വകുപ്പുകൾ, സാമൂഹിക സുരക്ഷാ മിഷൻ, ദേശീയാരോഗ്യ ദൗത്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ടുകൾ ഉപയോഗിച്ച് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നു. ആരോഗ്യവകുപ്പ് മുഖേനയുള്ള എല്ലാ പദ്ധതികളും പ്രവർത്തനങ്ങളും ആദിവാസി മേഖലയിൽ നടപ്പിലാക്കുന്നുണ്ട്. ഇവയിൽ അടിസ്ഥാന സൗകര്യവികസനം, മാതൃ-ശിശുസംരക്ഷണം, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, പകർച്ചേതര വ്യാധികളുടെ നിയന്ത്രണം, സാന്ത്വനപരിചരണം, വയോജന സംരക്ഷണം എന്നിവ പ്രാഥമിക തലം മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള വിവിധ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നു. ആരോഗ്യവകുപ്പ് മുഖേനയുള്ള ദേശീയ പദ്ധതികളും ആദിവാസി മേഖലയിൽ നടപ്പിലാക്കുന്നു. ഈ മേഖലയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, |

കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക്, ജനറൽ, സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പെടെ 195 ആരോഗ്യ സ്ഥാപനങ്ങൾ വഴി സേവനം നൽകി വരുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജനകീയാരോഗ്യ കേന്ദ്രങ്ങൾ മുഖേനയും വിവിധ സേവനങ്ങൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നൽകി വരുന്നു. സേവനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

* പാലക്കാട്, വയനാട് ജില്ലകളിൽ പോഷകാഹാരക്കുറവ് ഉള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേക പരിചരണത്തിനായി Nutrition Rehabilitation Centre (NRC) കൾ പ്രവർത്തിക്കുന്നുണ്ട്.

* ആരോഗ്യ വകുപ്പ്, ആരോഗ്യ കേരളം, പട്ടിക വർഗ്ഗ വകുപ്പ് എന്നിവ മുഖേന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

* സ്ഥിരം ആരോഗ്യപ്രവർത്തകർക്ക് പുറമേ പട്ടികവർഗ്ഗ കോളനികളിൽ പ്രത്യേക സേവനങ്ങൾ എത്തിക്കുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ആരോഗ്യകേരളം മുഖേന പ്രത്യേകം തിരഞ്ഞെടുത്ത ഊരുമിത്രം ആശാ പ്രവർത്തരുടെ (Hamlet ASHA) സേവനവും ലഭ്യമാണ്. ഇതുവരെ 513 ഉരുമിത്രങ്ങളെ 11 ജില്ലകളിലായി തിരഞ്ഞെടുത്ത് മൂന്ന് ഘട്ട module പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്.

* പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന "Digitally Connected Tribal Colonies" പദ്ധതി മുഖേന CDAC മായി ചേർന്ന് ആധുനിക ക്യാൻസർ സ്ക്രീനിംഗ് സംവിധാനം വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

* കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, വയനാട് ജില്ലയിലെ നല്ലൂർനാട് ആശുപത്രി എന്നിവ ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി ആശുപത്രികളാണ്.

* അരിവാൾ രോഗമുള്ളവരെ കണ്ടു പിടിക്കുന്നതിനും ആവശ്യമായ പരിചരണം നൽകുവാനും ട്രൈബൽ മേഖലയിൽ മിഷൻ മോഡിൽ പ്രവർത്തനം നടത്തുകയും ഡിജിറ്റൽ ഡാറ്റാബേസ് രൂപീകരിക്കുന്നുമുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| | | | വയനാട് ജില്ലയിലും, മലപ്പുറം ജില്ലയിലെ നിലമ്പൂരിലും. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലും ആരംഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധന സഹായത്തോടെ ആരോഗ്യ വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷ. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും, സർക്കാർ മെഡിക്കൽ കോളേജുകളിലും, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം, ശ്രീചിത്രാ മെഡിക്കൽ സെൻറർ എന്നിവിടങ്ങളിൽ ചികിത്സയ്ക്കെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നു. രോഗിക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണത്തിനും ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ആദിവാസി മേഖലകളിലെ ആരോഗ്യ ഇടപെടലുകൾക്ക് ലോകാരോഗ്യ സംഘടന പിന്തുണ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ആദിവാസി മേഖലയിലെ ആരോഗ്യപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ വേണ്ടി ട്രൈബൽ ഹെൽത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതല ശിൽപശാല നടത്തിയാണ് ഇതിന് രൂപം നൽകിയത്. ഈ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി ലോകാരോഗ്യസംഘടന സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഫെബ്രുവരി 8 നു ബഹു. ആരോഗ്യമന്ത്രിയുമായി നടത്തിയ ചർച്ചയിലാണ് പ്രതിനിധികൾ സന്നദ്ധത അറിയിച്ചത്. |
| (സി) | രക്തസമ്മർദം, അനീമിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗങ്ങളുള്ള ആദിവാസികൾക്ക് വ്യക്തിപരമായി ആരോഗ്യപരിചരണം ഉറപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ജീവിതശൈലി രോഗങ്ങളുള്ള ആളുകളെ കണ്ടെത്തുന്നതിന് 'ശൈലി പദ്ധതി', സ്ത്രീകളിലും പെൺകുട്ടികളിലും അനീമിയ കണ്ടെത്തുന്നതിനുള്ള 'വിവ പദ്ധതി', അരിവാൾ രോഗ നിയന്ത്രണപരിപാടി എന്നിവ ട്രൈബൽ മേഖലയെ പ്രത്യേകം പരിഗണിച്ചുകൊണ്ടാണ് നടപ്പിലാക്കുന്നത്. ജീവിതശൈലീരോഗം, അനീമിയ എന്നിവ കണ്ടെത്തുന്ന സാഹചര്യത്തിൽ തുടർ ചികിത്സ ഉറപ്പുവരുത്തുന്നതിനായി ആരോഗ്യകേന്ദ്രങ്ങൾ വഴി ആണ് ബന്ധപ്പെട്ട ഇടപെടലുകൾ നടത്തി വരുന്നത്. വയനാട്, അട്ടപ്പാടി, നിലമ്പൂർ മേഖലകളിലാണ് അരിവാൾ രോഗ പരിപാടി നടക്കുന്നത്. ഒപ്പം സ്ക്രീൻ ചെയ്യപ്പെടുന്ന മുഴുവൻ ആളുകൾക്കും ഐഡി കാർഡുകൾ നൽകി ജനിതക വിഷയങ്ങൾ ഉൾപ്പെടെയുള്ള അവബോധവും നടപ്പിലാക്കി വരികയാണ്. |

| | | | |
|---|---|---|---|
| (ഡി) | ആദിവാസി നഗറുകളിലെ ആരോഗ്യപ്രശ്നങ്ങൾ കാലതാമസം കൂടാതെ ആരോഗ്യവകുപ്പ് ജീവനക്കാരെ അറിയിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ആദിവാസി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ കാലതാമസം കൂടാതെ ആരോഗ്യവകുപ്പ് ജീവനക്കാരെ അറിയിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല. എങ്കിലും ആദിവാസി മേഖലയിലെ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് സേവനങ്ങളുടെ ലഭ്യത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ദേശീയ ആരോഗ്യ ദൗത്യം, പട്ടിക വർഗ്ഗ വികസന വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവ മുഖേന ആദിവാസി മേഖലയിൽ വിവിധ ജില്ലകളിലായി 48 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ